"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കിഴക്കേക്കര സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ, ശ്രീ രഞ്ചു ആർ. ന്റെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3983/2026/GEDN തീയതി,തിരുവനന്തപുരം, 16-06-2026

---

പരാമർശം:-
1. സ്കൂൾ മാനേജർ 24.10.2025 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.03.2026 തീയതിയിലെ ഇറ്റി1/4783/2026/ഡിജിഇ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കിഴക്കേക്കര സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ, ശ്രീ രഞ്ചു ആർ. ന്റെ നിയമനം അംഗീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് എം.എസ്.സി. സ്കൂൾസ് മാനേജർ റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരുന്നു.

2. ഈ വിഷയത്തിൽ 08.04.2026 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. കിഴക്കേക്കര സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ എഫ് ടി എം ആയ ശ്രീ രഞ്ചു ആർ. ന്റെ 01.06.2024 മുതലുള്ള നിയമനം റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകണമെന്ന് പരാമർശം (1) റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കിഴക്കേക്കര സെന്റ് മേരീസ് എച്ച്.എസ് ലെ എഫ്.ടി.എം ശ്രീ രാജു ജി.യെ 01.06.2024 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥാനകയറ്റം നൽകി നിയമിച്ച ഒഴിവിൽ മാനേജർ ശ്രീ രഞ്ചു ആർ. നെ 01.06.2024 മുതൽ എഫ്.ടി.എം തസ്തികയിൽ നിയമിച്ചു. ശ്രീ രാജു ജി.യുടെ 01.06.2024 മുതലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റം അംഗീകരിച്ചതിനാൽ ഒഴിവു സ്ഥാപിതമായതിനാലും, നിയമനാർഥി മതിയായ യോഗ്യത നേടിയതിനാലും, പ്രൊപ്പോസൽ പൂർണമായതിനാലും, ശ്രീ രഞ്ചു ആർ.ന്റെ 01.06.2024 മുതലുള്ള എഫ്.ടി.എം തസ്തികയിലെ നിയമനം JR-1/502/2023/GEdn തീയതി 01.11.2023 നമ്പർ സർക്കാർ കത്ത് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകി. തുടർന്ന് മാനേജർ, ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച നിയമനം റെഗുലർ ശമ്പള സ്കെയിലിൽ 01.06.2024 മുതൽ തുടർച്ചയായി അംഗീകരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക്

അപ്പീൽ സമർപ്പിച്ചു. പ്രസ്തുത അപ്പീൽ കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം 8(5) പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ ടി നിയമനം നിരസിച്ച് നൽകി. തുടർന്ന് മാനേജർ മേൽ ഉത്തരവുകൾക്കെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചു. മാനേജ്മെന്റ് റോസ്റ്റർ പ്രകാരം കാറ്റഗറി III വിഭാഗത്തിൽ ഒഴിവു മാറ്റി വെച്ചിട്ടുണ്ടെന്നും കാറ്റഗറി III വിഭാഗത്തിൽ ഭിന്നശേഷി നിയമനം നടത്താൻ ഒഴിവ് ഇല്ലെന്നും, അതിനാൽ നിയമനം സ്കെയിൽ ഓഫ് പേയിൽ ലഭിക്കണം എന്നതുമാണ് മാനേജരുടെ അപ്പീലിലെ ആവശ്യം. മേൽ വിഷയത്തിൽ നിലവിലെ ഭിന്നശേഷി ഉത്തരവുകൾ പരിഗണിച്ചുകൊണ്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുണ്ട്. സ്കെയിൽ ഓഫ് പേയിൽ അംഗീകരിയ്ക്കണമെന്ന മാനേജരുടെ അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ നിയമനം നിരസിച്ച് നൽകിയിരുന്നു. ഭിന്നശേഷി വിഭാഗം സംവരണം/നിയമന നടപടികളിൽ കാറ്റഗറി 3-ൽ ഉൾപ്പെടുന്ന ഭിന്നശേഷിക്കാരുടെ നിയമനം ടി മാനേജ്മെന്റിൽ പൂർത്തിയാക്കിയിട്ടുണ്ട്. കാറ്റഗറി -3 (അനധ്യാപക തസ്തിക) ൽ ഉൾപ്പെടുന്ന ഭിന്നശേഷി നിയമനം 100% പൂർത്തിയാക്കിയിട്ടുള്ളതിനാൽ 01.06.2024 മുതൽ അനധ്യാപക തസ്തികയിൽ (FTM) നിയമിതനായ ശ്രീ രഞ്ജു ആർ.-ന്റെ 01.06.2024 മുതലുള്ള നിയമനം ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകണമെന്നതാണ് നിലവിലെ അപ്പീൽ ഹർജിയിലെ അപേക്ഷ. 18/02/2026 തീയതിയിലെ ജി.ഒ(എം.എസ്) നം.31/2026/പൊ.വി.വ ഉത്തരവിൽ എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരം നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ/ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിയ്ക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്കു നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ശ്രീ.രഞ്ജു ആർ.-ന്റെ 01.06.2024 മുതലുള്ള നിയമനവും അപ്രകാരം പരിഗണിയ്ക്കാമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എം.എസ്.സി. സ്കൂൾസ് മാനേജ്മെന്റ് സമർപ്പിച്ച രേഖകൾ പ്രകാരം അനധ്യാപക വിഭാഗത്തിലെ (Category 3) ഭിന്നശേഷി സംവരണം പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് ഉറപ്പു വരുത്തിയ ശേഷം, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിയ്ക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശ്രീ രഞ്ജു ആർ.-ന്റെ 01.06.2024 മുതലുള്ള നിയമനം റഗുലർ ശമ്പള സ്കെയിലിൽ അനുവദിച്ച് നൽകുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം എം.എസ്.സി. സ്കൂൾസ് മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീമതി രഞ്ജു ആർ., എഫ്.റ്റി.എം., സെന്റ് മേരീസ് എച്ച്.എസ്.എസ്., കിഴക്കേക്കര, കൊട്ടാരക്കര.

മാനേജർ/കറസ്പോണ്ടന്റ്, എം.എസ്.സി സ്കൂൾസ്, പട്ടം (സെന്റ് മേരീസ് കോമ്പൗണ്ട്), തിരുവനന്തപുരം -4.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/17/2026-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 18-06-2026 11:06:21

സെക്ഷൻ ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.